## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 338** — **14.07.2015-ൽ മറുപടിക്ക്**

## ശബ്ദ മലിനീകരണ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ശബ്ദ മലിനീകരണ നിയന്ത്രണം നടപ്പാക്കുന്നതു സംബന്ധിച്ച് ഹരിത ട്രിബ്യൂണലിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ; | (എ) ദേശീയ ഹരിത ട്രിബ്യൂണലിന്റെ (SZ) ചെന്നൈ ബെഞ്ചിലെ ആപ്ളിക്കേഷൻ നമ്പർ. 445/2013 (SZ) (transferred from High Court) (കേരള ഹൈക്കോടതിയിലെ WP No.32109/2008 ട്രിബ്യൂണലിലേക്ക് ട്രാൻസ്ഫർ ചെയ്തത്)-ൽ 13/05/2015 തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2000-ത്തിലെ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) റൂൾസ് ഉത്തരവ് തീയതി മുതൽ 4 മാസത്തിനകം സംസ്ഥാനത്ത് നടപ്പാക്കണമെന്ന് സർക്കാരിനു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ നേരത്തെ ഹൈക്കോടതിയുടെ നിർദ്ദേശങ്ങളെന്തെങ്കിലും ഉണ്ടായിരുന്നോ ; എങ്കിൽ അതെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതിയുടെ K.N.Namboodiri & Others Vs. State of Kerala & Others എന്ന കേസിൽ 22.08.2003 ൽ പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന സർക്കാർ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങൾ നടപ്പാക്കണമെന്ന് ഉത്തരവിട്ടിരുന്നു. ടി ഉത്തരവിനെ കുറിച്ച് 13.05.2015-ലെ ദേശീയ ഹരിത ട്രിബ്യൂണലിന്റെ മേൽ സൂചിപ്പിച്ച ഉത്തരവിലും പരാമർശമുണ്ട്. |

(contd........2...)

| | |
|---|---|
| (സി) വ്യത്യസ്ത മേഖലകളിൽ അനുവദനീയമായതിൽ കൂടുതൽ ശബ്ദ മലിനീകരണമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളും ശബ്ദലമിനീകരണ (ക്രമീകരണവും നിയന്ത്രണവും) ചട്ടങ്ങൾ 2000 പ്രകാരം ഏതു സോണിൽ വരുമെന്ന് Town Planning Department ആണ് വിജ്ഞാപനം ചെയ്യേണ്ടത്. അതുപ്രകാരം ഓരോ സോണിലും അനുവദനീയമായ ശബ്ദ പരിധിയിൽ കൂടുതൽ ശബ്ദം ഉണ്ടാകുവാൻ അനുവദിക്കാത്ത തരത്തിലുള്ള പ്രവർത്തനം മാത്രമേ അനുവദിക്കുകയുള്ളൂ. ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനായി 28.04.2015 ൽ സ.ഉ (അച്ചടി).06/15/പരി. നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം കോടതി വിധികൾ കർശനമായി നടപ്പാക്കുന്നതിനും, ശബ്ദതീവ്രത അളക്കാനുള്ള ഉപകരണങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കുന്നതിനും, ശബ്ദ മേഖല നിർണ്ണയിച്ച് ബോർഡുകൾ സ്ഥാപിക്കുന്നതിനും, ശബ്ദമലിനീകരണം സംബന്ധിച്ച സമഗ്രമായ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ